ഈ സർക്കാർ അധികാരമേറ്റശേഷം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിയ വിവിധ യുവജനക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ചെലവഴിച്ച തുകയുടെ വിവരവും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**യുവജനക്ഷേമ ബോർഡിന്റെ ഭാരതദർശൻ യാത്ര**

288 (4279) ശ്രീ. വി. ടി. ബൽറാം :

ശ്രീ. ഹൈബി ഈഡൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. പി. സി. വിഷ്ണുനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജനക്ഷേമ ബോർഡ് ഭാരതദർശൻ യാത്രയ്ക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(സി) ഇതിനായി ആരെയെല്ലാമാണ് തെരഞ്ഞെടുക്കുന്നത് ; വിശദമാക്കുമോ ;

(ഡി) എന്തെല്ലാം കാര്യങ്ങൾ ഇതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് ഭാരതദർശൻ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്. രണ്ട് തരത്തിലുള്ള ഭാരതദർശൻ യാത്രാ പരിപാടിയാണ് സംഘടിപ്പിച്ചിട്ടുള്ളത്.

1. ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കുവേണ്ടിയുള്ള ഭാരതദർശൻ യാത്രയാണ് ആദ്യത്തേത്. ഇതിൽ കേരളത്തിലെ യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകരെയാണ് പ്രധാനമായും പങ്കെടുപ്പിച്ചിട്ടുള്ളത്. അതോടൊപ്പം സംസ്ഥാന കേരളോത്സവം-ദേശീയ യുവോത്സവം എന്നിവയിലെ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ തുടങ്ങിയവരേയും ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

2. പട്ടിക വർഗ്ഗത്തിൽപ്പെട്ട യുവാക്കൾക്ക് വേണ്ടി സംഘടിപ്പിക്കപ്പെട്ടിട്ടുള്ള യാത്രയാണ് രണ്ടാമത്തെ ഭാരതദർശൻ യാത്ര. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളായ പട്ടിക വർഗ്ഗത്തിൽപ്പെട്ട 18-നും 40-നും മധ്യേ പ്രായമുള്ള യുവാക്കളെ ഉൾപ്പെടുത്തിയിട്ടുള്ള യാത്രയാണ് പട്ടിക വർഗ്ഗ ഭാരതദർശൻ.

(ബി) തെരഞ്ഞെടുക്കപ്പെടുന്ന യുവാക്കൾക്ക് ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിലുള്ള ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിക്കുവാനും, വിവിധ ഭാഷാ-സംസ്കാരങ്ങൾ, ആചാരങ്ങൾ, കലാരൂപങ്ങൾ എന്നിവ നേരിട്ട് മനസ്സിലാക്കുന്നതിനും വേണ്ടിയാണ് ഭാരതദർശൻ യാത്ര സംഘടിപ്പിക്കുന്നത്.

(സി) ജനറൽ വിഭാഗങ്ങൾക്കുള്ള ഭാരതദർശന് യൂത്ത് ക്ലബ്ബുകളിൽ നിന്നുള്ള യുവജന പ്രവർത്തകർ, കേരളോത്സവ വിജയികൾ, യൂത്ത് അവാർഡ് ജേതാക്കൾ, ദേശീയ യുവജനോത്സവ വിജയികൾ എന്നിവരിൽ നിന്നുമാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്. രണ്ടാമത്തെ ഭാരതദർശനിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 18-നും 40-നും മദ്ധ്യേ പ്രായമുള്ള ജനപ്രതി നിധികളെയാണ് തെരഞ്ഞെടുക്കുന്നത്.

(ഡി) 1. ജനറൽ കാറ്റഗറിയിലുള്ള ഭാരതദർശൻ 2013 ഫെബ്രുവരി 20-ന് തിരുവനന്തപുരത്തുനിന്ന് ട്രയിൻയാത്ര ആരംഭിച്ച് ഗോവ, അഹമ്മദാബാദ്, ജോധ്പൂർ, ജയ് പൂർ, ഉദയ്പൂർ, ഹൈദ്രാബാദ് എന്നീ സ്ഥലങ്ങൾ സന്ദർശിച്ച് 2013 മാർച്ച് 6-ന് തിരുവനന്തപുരത്ത് തിരിച്ചെത്തി. ഇന്ത്യൻ റെയിൽവേ കാറ്ററിംഗ് &ടൂറിസം കോർപ്പറേഷൻ ലിമിറ്റഡ് വഴിയാണ് യാത്രാപരിപാടി സംഘടിപ്പിച്ചത്.

2. ആദ്യ പട്ടികവർഗ്ഗ ഭാരതദർശൻ 2013 നവംബർ 22 മുതൽ 26 വരെ സംഘടിപ്പിച്ചു. 22-ാം തീയതി കോഴിക്കോട് നിന്ന് വിമാനമാർഗ്ഗം ഡൽഹിയിൽ എത്തുകയും തുടർന്ന് ഡൽഹിയിലെ വിവിധ ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ചു. തുടർന്ന് അമൃതസ്സർ, വാഗാ ബോർഡർ തുടങ്ങിയ സ്ഥലങ്ങളും സന്ദർശിച്ചശേഷം 26-ാം തീയതി തിരുവനന്തപുരത്ത് തിരിച്ചെത്തി.

LIBRARY ARCHIVES Kerala Legislative Assembly

3. രണ്ടാമത് പട്ടികവർഗ്ഗ ഭാരതദർശൻ 2014 നവംബർ 19 മുതൽ 25 വരെയാണ് സംഘടിപ്പിച്ചത്. ഈ യാത്രാപരിപാടിയുടെ ഭാഗമായി കൽക്കട്ട, കാഠ്മണ്ഡു എന്നിവിടങ്ങളിലെ വിവിധ സ്ഥലങ്ങളാണ് സന്ദർശിച്ചത്.

**യുവജനക്ഷേമ കമ്മീഷന്റെ പ്രവർത്തനം**

89 (4280) ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. എ. പ്രദീപ്കുമാർ :

ശ്രീ. ടി. വി. രാജേഷ് :

ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ കമ്മീഷന്റെ പ്രവർത്തനം നിർജ്ജീവമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) യുവജനങ്ങളുടെ ഊർജ്ജസ്വലതയെ സമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിയ്ക്കും ഉതകുംവിധം ഉപയുക്തമാക്കുന്നതിന് യുവജനക്ഷേമ ബോർഡ് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ നിലപാട് വ്യക്തമാക്കുമോ ;

(സി) യുവജനങ്ങളുടെ ആവശ്യകതയും പോരായ്മകളും കണ്ടെത്തി സഹായങ്ങൾ നൽകുന്നതിന് സർക്കാർ നടപടി സ്വീകരിക്കുന്നില്ല എന്ന് ആക്ഷേപമുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) സാമൂഹ്യ-സാംസ്കാരിക മേഖലകളിൽ യുവജനങ്ങൾ നേരായ മാർഗ്ഗത്തിൽ നയിക്കപ്പെടുന്നതിന് സഹായകമായി ആവശ്യമായ നടപടികൾ സ്വീകരിക്കാത്തതിനെപ്പറ്റിയുള്ള ആശങ്ക വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ&സി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly